**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **07-10-2021 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലി നിർത്തലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നോക്കുകൂലി നിർത്തലാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് ഉടനടി ഇടപെടുകയും പരിഹാരം കാണുകയും ചെയ്തു വരുന്നുണ്ട്. ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പിന്റെ കോൾസെന്റർ നമ്പർ 15525 ടോൾഫ്രീ നമ്പർ 180042555214.വഴി പൊതുജനങ്ങൾക്ക് പരാതി നൽകാവുന്നതാണ്. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തു നിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടു തൊഴിലാളി ചട്ടം 26 എ(4) ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടു തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മാത്രവുമല്ല തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്ഥീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും, ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | നോക്കുകൂലി നിരോധിച്ച ശേഷവും ഇതുസംബന്ധിച്ച് നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ നോക്കുകൂലി നിർത്തലാക്കാൻ സ്വീകരിച്ച നടപടികൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് ഉടനടി ഇടപെടുകയും പരിഹാരം കാണുകയും ചെയ്തു വരുന്നുണ്ട്. ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പിന്റെ കോൾസെന്റർ നമ്പർ 15525 ടോൾഫ്രീ നമ്പർ 180042555214 വഴി പൊതുജനങ്ങൾക്ക് പരാതി നൽകാവുന്നതാണ്. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തു നിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടു തൊഴിലാളി ചട്ടം 26 എ(4) ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടു തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മാത്രവുമല്ല തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ നോക്കുകൂലി സംബന്ധിച്ച പരാതികൾ വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യുമെന്നും, ഇത്തരം അനഭിലഷണീയമായ പ്രവണതകൾ ഒരു തരത്തിലും അനുവദിക്കില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിലേക്ക് കൊണ്ടുവന്ന ഐ.എസ്.ആർ.ഒ.യുടെ വാഹനത്തെ | (സി) | തുമ്പ ഐ.എസ്.ആർ.ഒ-വി.എസ്.എസ്.സി-യിലേയ്ക്ക് മുംബൈയിൽ നിന്നും കടൽ മാർഗ്ഗം |

| | | | |
|---|---|---|---|
| | നോക്കുകൂലി ആവശ്യപ്പെട്ട് തടഞ്ഞ വാർത്ത ഗൗരവത്തോടെ കാണുന്നുണ്ടോ; | | കൊല്ലം തുറമുഖത്ത് എത്തിക്കുകയും ശേഷം റോഡ് മാർഗം രണ്ട് ലോറികളിലായി കൊണ്ടുവന്ന 124,80 ടൺ ഭാരമുള്ള കാർഗോകൾ (ഹെവിമെഷീനറികൾ) അമിതഭാരമുള്ളതും, മനുഷ്യാധ്വാനം കൊണ്ട് ഇറക്കാൻ കഴിയാത്തതും മെഷീനുകൾ മാത്രം ഉപയോഗിച്ച് ഇറക്കാൻ കഴിയുന്നതുമാണ്. കയറ്റിറക്ക് ജോലി തടസ്സപ്പെടുത്തിയതും, നോക്കുകൂലി ആവശ്യപ്പെട്ടതും ടി പ്രദേശത്തെ ചുമട്ടുതൊഴിലാളികളല്ല. മറിച്ച് പ്രദേശവാസികളായ ഏകദേശം നൂറോളം വരുന്ന നാട്ടുകാർ സംഘടിച്ച് സാധനം ഇറക്കുന്നതിന് 10 ലക്ഷംരൂപ നോക്കുകൂലി ആവശ്യപ്പെടുകയാണ് ഉണ്ടായതെന്നാണ് അന്വേഷണത്തിൽ അറിഞ്ഞത്. മെഷീനുകൾ ഉപയോഗിച്ച് മാത്രം കയറ്റിറക്ക് നടത്തേണ്ട സാധനങ്ങൾ കയറ്റിറക്ക് നടത്തുന്നതിന് തൊഴിലാളികൾക്ക് അവകാശം ഇല്ല എന്ന ജില്ലാ ലേബർ ഓഫീസറുടെയും ഡി.ജി.പി-യുടെയും ഉത്തരവുകൾ കോൺട്രാക്ടർക്ക് നൽകി തർക്കം ഒഴിവാക്കുകയും തുടർന്ന് പോലീസ് ,സി.ഐ.എസ്.എഫ്, തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ, വി.എസ്.എസ്.സി അധികൃതർ എന്നിവർ സംയുക്തമായി കാർഗോ വാഹനം ഗേറ്റിനുള്ളിലേയ്ക്ക് കടത്തുകയും ചെയ്തു. തൊഴിൽ വകുപ്പിന്റെ സമയോചിതമായ ഇടപെടൽ മൂലം നോക്കുകൂലി ആവശ്യപ്പെട്ടു എന്നുള്ള പരാതി അടിയന്തിരമായി പരിഹരിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തു നിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരളചുമട്ടു തൊഴിലാളി ചട്ടം 26 എ(4) ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടു തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ